# ദൈവനാമം

● ഇ.സി സൈമൺ മാസ്റ്റർ

**ബൈബിളിൽ** ദൈവം എന്ന അർഥത്തിൽ ഐകരൂപ്യമുള്ള ഒരു പദം ഉപയോഗത്തിലില്ല. ഏതാനും വർഷങ്ങൾക്കു മുമ്പുവരെ പൊതുവിൽ 'യഹോവ' എന്നാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ ഇന്ന് അതിനു പകരം കർത്താവ്, ദൈവം, ദൈവമായ കർത്താവ് എന്നെല്ലാമായി പ്രയോഗം. യഹോവയായ ദൈവം എന്ന പ്രയോഗവും കാണാം ചില സ്ഥലങ്ങളിൽ. അങ്ങനെയായപ്പോൾ പല ഭാഷകളിലും ദൈവത്തിന് അർഥം നോക്കി പലപേര് എന്നായി അവസ്ഥ. ഭാഷ ഏതായാലും പേര് ഒന്നുതന്നെ ആവുകയായിരുന്നു ഭംഗി. എന്നാൽ മതകാര്യങ്ങളിൽ പല മാറ്റങ്ങളുണ്ടായതുപോലെ ദൈവത്തിന്റെ പേരിലും മാറ്റങ്ങൾ വന്നു.

സീനായ് മലയിൽ മൂസാ നബിക്കു പ്രത്യക്ഷപ്പെട്ട് സ്വയം വെളിപ്പെടുത്തിയ ദൈവം അദ്ദേഹത്തെ അറിയിച്ച പേര് 'യഹോവ' എന്നായിരുന്നു എന്നാണ് തൗറാത്തിൽ (പഴയനിയമം) രേഖപ്പെടുത്തിയിട്ടുള്ളത്. 'ഞാൻ ആകുന്നവൻ' (I AM) എന്നാണ് അതിന്റെ അർഥം. എന്നാൽ അതിയായ ദൈവഭക്തിയും ദൈവഭയവും വെച്ചുപുലർത്തിയിരുന്ന ഇസ്രായേൽക്കാർ ദൈവം വെളിപ്പെടുത്തിക്കൊടുത്ത പേര് അതേ രൂപത്തിൽ ഉച്ചരിക്കുന്നതും എഴുതുന്നതും അത്യുന്നതനായ ദൈവത്തോട് കാണിക്കുന്ന അനാദരവും ദൈവ നിന്ദയും ആയേക്കുമെന്ന് ഭയന്ന് അർഥവ്യത്യാസം വരുത്താതെ പകരം പദം ഉപയോഗിക്കാൻ തുടങ്ങി. നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ ആദ്യം ഉപയോഗത്തിലിരുന്ന യഥാർഥ പദം ഏതെന്ന് തിരിച്ചറിയാൻ കഴിയാത്ത വിധം അതു വിസ്മരിക്കപ്പെട്ടു. അതിന്റെ ഫലമായി രാജ്യവും ഭാഷയുമനുസരിച്ച് പേരിലും വന്നു വ്യത്യാസം. മലയാള ഭാഷയിൽ ദൈവം, കർത്താവ്, യഹ്വെ, യഹോവ എന്നിങ്ങനെ പലതായി തിരുനാമം. ആധുനിക ബൈബിൾ പണ്ഡിതന്മാരിൽ പലരും സൂക്ഷ്മമായ പഠനങ്ങൾക്കും അന്വേഷണങ്ങൾക്കു ശേഷം അഭിപ്രായപ്പെടുന്നത് 'YHWH' എന്ന നാലക്ഷരം കൊണ്ടാണ് ഹീബ്രു ഭാഷയിലെ ആദ്യപദത്തിനു പകരം ഇംഗ്ലീഷിൽ എഴുതേണ്ടതെന്നും ഉച്ചാരണത്തിനു പ്രയാസമുള്ളതിനാൽ 'LORD' എന്ന് എഴുതാമെന്നുമാണ്. മലയാള ഭാഷയിൽ സമാന അർഥം കൊടുത്ത് ഉപയോഗിക്കുന്നതാണ് 'കർത്താവ്', 'ദൈവമായ കർത്താവ്' എന്നിവ. എന്നാൽ ദൈവം, കർത്താവ് എന്നീ പേരുകളിലാണ് താൻ സംബോധന ചെയ്യപ്പെടേണ്ടതെന്ന് ദൈവം വെളിപ്പെടുത്തിയിട്ടില്ലെന്നു മനസ്സിലാക്കേണ്ടതുണ്ട്. എല്ലാവർക്കുമുണ്ടല്ലോ ഓരോ പേര്. ആ പേരു വിളിച്ചാലല്ലേ അയാൾ വിളി കേൾക്കൂ. തന്റേതല്ലാത്ത ഏതെങ്കിലും പേരു വിളിച്ചാൽ ആരാണ് വിളി കേൾക്കുക!

സീനായ് മലയിൽ മൂസാ നബിക്കു വെളിപ്പെടുത്തിക്കൊടുത്ത വിശുദ്ധനാമത്തിന്റെ ശരിയായ ലിഖിതരൂപവും ഉച്ചാരണ രൂപവും മനുഷ്യൻ നഷ്ടപ്പെടുത്തിയതിന്റെ പശ്ചാത്തലത്തിൽ മേലിൽ ആ സൂക്ഷ്മതാരാഹിത്യം ആവർത്തിക്കപ്പെടാത്തവിധം ഭദ്രമായി ആ പരിശുദ്ധനാമം വീണ്ടും വിശുദ്ധ ഖുർആനിൽ കൂടി അറബിഭാഷയിൽ മുഹമ്മദ് നബിക്ക് അവതരിച്ചുകിട്ടി. അതാണ് 'അല്ലാഹു' (الله). ഏകദൈവ വിശ്വാസത്തിന് തികച്ചും യോജിക്കുന്നതാണ് 'അല്ലാഹു' എന്ന പദം. അതിന് ബഹുവചനമില്ല. ദേവൻ-ദേവി എന്നിവ പോലെ അതിന് സ്ത്രീലിംഗവുമില്ല.

ശബ്ദമുയർത്തിയും താഴ്ത്തിയും ജനകോടികൾ നിത്യവും അനേക പ്രാവശ്യമാണ് ആ പേരുവിളിച്ച് ഭയഭക്തി ബഹുമാനാദരവുകളോടെ, ഇടനിലക്കാരോ മധ്യവർത്തികളോ ഇല്ലാതെ നേരിട്ടു പ്രാർഥിക്കുന്നത്. ദിവസവും ഇത്രയധികം ആവർത്തിക്കപ്പെടുന്ന മറ്റൊരു വിശിഷ്ടനാമം മനുഷ്യചരിത്രത്തിൽ ഉണ്ടായിട്ടില്ല. സ്വന്തം ഭാഷയോ രാജ്യമോ ഏതായാലും-അറബി അറിയുന്നരായാലും അല്ലെങ്കിലും-സകലരും അവരുടെ പൂർണ ഹൃദയത്തോടും പൂർണ ആത്മാവോടും പൂർണ ശക്തിയോടും കൂടി ആരാധിക്കുകയും വിളിച്ചപേക്ഷിക്കുകയും ചെയ്യുന്ന മഹനീയ നാമം ഇതൊന്നേ ഉള്ളൂ; ഒന്നുമാത്രം. ആ മഹദ്നാമത്തിനു സ്തുതി. എങ്കിലും അല്ലാഹുവിന്റെ ഗുണവിശേഷങ്ങൾ സൂചിപ്പിക്കുന്ന വിധാതാവ്, സർവശക്തൻ, സർവജ്ഞൻ, പരമകാരുണികൻ തുടങ്ങിയ പദങ്ങളും ഉപയോഗിക്കാവുന്നതാണെന്ന് ഖുർആൻ പറയുന്നുണ്ട്:

"പറയുക: നിങ്ങൾ 'അല്ലാഹു' എന്ന് വിളിച്ചോളൂ. അല്ലെങ്കിൽ പരമകാരുണികനെന്നു വിളിച്ചോളൂ. ഏതു പേരു വിളിച്ചു പ്രാർഥിച്ചാലും തരക്കേടില്ല. ഉത്തമനാമങ്ങളൊക്കെയും അവന്നുള്ളതാണ്..." (17:110).

അറബി അറിയാത്ത ക്രൈസ്തവർ ദൈവം എന്ന അർഥത്തിൽ 'അല്ലാഹു' എന്നുപയോഗിക്കാറില്ലെങ്കിലും അറബി ഭാഷാ ബൈബിളുകളിൽ 'അല്ലാഹു'വാണ് ദൈവം. അതുകൊണ്ടുതന്നെ അറബിക്രിസ്ത്യാനികൾക്കും ദൈവമാണ് അല്ലാഹു.

ദൈവം വെളിപ്പെടുത്തിക്കൊടുത്ത സ്വന്തം പേര് നഷ്ടപ്പെടുത്തിയവർ ആ തിരുനാമം ആദ്യമായി കേട്ട പ്രവാചകന്റെ നാമവും വികൃതമാക്കിയാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ചില ഗ്രന്ഥങ്ങളിൽ അദ്ദേഹത്തിന്റെ പേര് മോശ എന്നോ മൂശ എന്നോ ആണെങ്കിൽ വേറെ ചിലതിൽ മോസസ് എന്നാണ് പ്രയോഗം. എന്നാൽ അറബിയിൽ മൂസാ എന്ന ഒരു പേരു മാത്രമായതിനാൽ മുസ്‌ലിംകൾക്കും ഒരു

പേരേ ഉള്ളൂ ആ പ്രവാചകനെ വിളിക്കാൻ: മൂസാ നബി. (തുടരും)

## ആഘോഷങ്ങൾ

**ലോകവ്യാപകമായി** ക്രൈസ്തവർ അത്യുത്സാഹപൂർവം ആചരിക്കുന്ന രണ്ട് ആഘോഷങ്ങളാണ് ക്രിസ്മസും ഈസ്റ്ററും. ഒന്ന് യേശുവിന്റെ ജനനത്തോടും മറ്റേത് മരണത്തോടും ബന്ധപ്പെട്ടിരിക്കുന്നു.

യേശുവിന്റെ ജന്മദിനമെന്ന പേരിൽ ഡിസംബർ 25–ന് ആചരിക്കപ്പെടുന്ന ക്രിസ്മസിന് യഥാർഥത്തിൽ അദ്ദേഹവുമായി ബന്ധമില്ല. ജനനത്തീയതിയുടെ കാര്യത്തിലുമില്ല വിശ്വസനീയമായ തെളിവുകളൊന്നും. എ.ഡി നാലാം നൂറ്റാണ്ടുമുതലാണ് ഈ ആഘോഷത്തിന്റെ ആരംഭം എന്ന് കരുതപ്പെടുന്നു. ആദ്യകാല ക്രിസ്ത്യാനികളാരും ആചരിച്ചിട്ടില്ലാത്ത വിശേഷദിനമായതിനാൽ ക്രിസ്മസ് എന്ന പേരുപോലും ബൈബിളിൽ കാണാൻ കഴിയില്ല.

ക്രിസ്തുമതം പ്രബലപ്പെടുന്നതിനു മുമ്പും ചില പാശ്ചാത്യ നാടുകളിൽ അന്യദേവന്മാരുടെ പേരിലുള്ള ആഘോഷമായി ക്രിസ്മസ് ആചരിക്കപ്പെട്ടിരുന്നു. ആ രാജ്യങ്ങളിലെ പ്രധാനമതമായി പിന്നീട് ക്രിസ്തുമതം പ്രചരിച്ചശേഷവും ജനങ്ങൾ ആചരിച്ചുവന്ന പഴയ ആഘോഷങ്ങൾ നിലനിന്നു. അക്കൂട്ടത്തിൽ സൂര്യദേവന്റെ പ്രീതിക്കുവേണ്ടി ആഘോഷിക്കപ്പെട്ടിരുന്ന ഉത്സവം ക്രൈസ്തവർ 'ദൈവപുത്രനായ ക്രിസ്തുദേവ'ന്റെ ആഘോഷമായി പേരുമാറ്റി സ്വീകരിച്ചതാണ് ഇന്നത്തെ ക്രിസ്മസ് എന്നല്ലാതെ മതപരമായി അതിന് യേശുവുമായി യാതൊരടുപ്പവുമില്ല. പ്രാചീന കാലത്ത് സൂര്യദേവന്റെ പേരിലുണ്ടായിരുന്ന ആഘോഷം പാശ്ചാത്യലോകം 'ക്രിസ്മസ്' എന്ന് പുനർനാമകരണം ചെയ്ത് നിലനിർത്തുകയായിരുന്നു. പിന്നീട് ക്രൈസ്തവലോകം മുഴുവൻ അതംഗീകരിക്കുകയും ചെയ്തു.

മറ്റൊരു ക്രൈസ്തവ ആഘോഷമായ ഈസ്റ്റർ എ.ഡി രണ്ടാം നൂറ്റാണ്ടു മുതൽ തുടങ്ങി എന്നാണ് വിശ്വാസം. യേശുവിന്റെ കാലശേഷം വളരെ വർഷങ്ങൾ കഴിഞ്ഞുമാത്രം ആരംഭിച്ചതാകയാൽ ഈസ്റ്ററിനെപ്പറ്റിയുമില്ല ബൈബിൾ പരാമർശങ്ങൾ. കുരിശുമരണത്തിനുശേഷം യേശു ഉയിർത്തെഴുന്നേറ്റു എന്ന വിശ്വാസത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഈസ്റ്റർ ആചരിക്കപ്പെടുന്നത്. ക്രിസ്തുമതം പ്രചരിക്കുന്നതിനു മുമ്പുതന്നെ ചില നാടുകളിൽ നിലവിലിരുന്ന മതത്തിലെ പുണ്യദിനമായി ആചരിച്ചുവന്ന ഒരാഘോഷത്തെ അവർ ക്രിസ്തുമതം സ്വീകരിച്ചപ്പോൾ യേശുവിന്റെ പേരുമായി ബന്ധിപ്പിച്ച് ആഡംബരത്തോടെ നിലനിർത്തിയതാണ് ഈസ്റ്റർ.

എന്നാൽ വ്യക്തമായ ഉദ്ദേശ്യ ലക്ഷ്യങ്ങളും മതപരമായ ഉറച്ച അടിസ്ഥാനവും ഉള്ളതാണ് മുസ്‌ലിം ആഘോഷ ദിവസങ്ങളായ ഈദുൽ ഫിത്‌റും ഈദുൽ അദ്ഹായും.

പരിശുദ്ധ ഖുർആൻ അവതരിച്ച റമദാൻ മാസം മുഴുവൻ വ്രതാനുഷ്ഠാനങ്ങളിലും പ്രാർഥനാനിർഭരമായി സകാത്ത്, ദാനധർമങ്ങൾ മുതലായ സൽക്കർമങ്ങളിലും മുഴുകിയിരിക്കണമെന്ന ഖുർആൻ നിർദേശമനുസരിച്ച് നോമ്പു നോറ്റശേഷം അതിന്റെ പൂർത്തീകരണത്തിലുള്ള സന്തോഷവും അല്ലാഹുവിനോടുള്ള നന്ദിയും പ്രകടിപ്പിക്കുന്നതിനാണ് ഈദുൽഫിത്വ്ർ ആഘോഷിക്കപ്പെടുന്നത്.

താൻ അത്യധികം സ്നേഹിച്ച മകൻ ഇസ്മാഈലിനെ ദൈവമാർഗത്തിൽ ബലിയർപ്പിക്കണമെന്ന അല്ലാഹുവിന്റെ, സ്വപ്നത്തിലുള്ള കൽപനയനുസരിച്ച് ഇബ്റാഹീം നബി അൽപവും മടികൂടാതെ പൂർണമായി അല്ലാഹുവിനു വഴങ്ങി പുത്രബലി സമർപ്പണത്തിനു സന്നദ്ധനായ ത്യാഗോജ്ജ്വല സംഭവത്തിന്റെ സ്മരണ പുതുക്കുന്നതാണ് ഈദുൽ അദ്ഹാ എന്ന മുസ്‌ലിം പെരുന്നാൾ. ■